# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3416.** **12.12.14 - ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.ജോസഫ് വാഴയ്ക്കൽ<br>,, റ്റി.എൻ. പ്രതാപൻ<br>,, വി.ഡി.സതീശൻ<br>,, എം.എ. വാഹീദ് | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ) |
|---|---|---|---|
| (എ) | നഗരസഭാ പ്രദേശങ്ങളിലെ ഗുരുതരമല്ലാത്ത അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്ക്കരിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ)<br>&<br>(ബി) | ഉണ്ട്.<br>14/02/14-ലെ ജി.ഒ.(എം.എസ്)39/2014/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം 31/03/13 -ന മുൻപുള്ള കാലയളവിൽ കെട്ടിട നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവൃത്തികൾ ചില നിബന്ധനകൾക്ക് വിധേയമായി കോമ്പൗണ്ടിംഗ് ഫീസ് വസൂലാക്കി റഗുലറൈസ് ചെയ്ത് നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 2014-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | | |
| (സി) | എന്തെല്ലാം കർശന നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014-ലെ ചട്ടം 5(2)-ലെ പ്രൊവിസോ പ്രകാരം , കേരളാ മുനിസിപ്പാലിറ്റി ആക്ട് 1994-ലെ 383-A വകുപ്പ്, ടൗൺ പ്ലാനിംഗ് ആക്ട് പ്രകാരം അംഗീകരിച്ച |

| | | | |
|---|---|---|---|
| | | | നഗരാസൂത്രണ പദ്ധതികൾ എന്നിവയ്ക്കു പുറമേ, എൻഷ്യൻറ് മോണുമെൻറ്സ് ആൻറ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആൻറ് റിമെയിൻസ് ആക്റ്റ് 1958-ഉം, ചട്ടങ്ങളും, കേരളാ കൺസർവേഷൻ ഓഫ് പാഡി ആൻറ് വെറ്റ് ലാൻറ് ആക്റ്റ് 2008, കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം നോട്ടിഫൈ ചെയ്തിട്ടുള്ള കോസ്റ്റൽ സോൺ റെഗുലേഷൻസ് തുടങ്ങിയവ പോലുള്ള ബാധകമായ മറ്റു നിയമ വ്യവസ്ഥകൾ എന്നിവ പാലിക്കാത്ത അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകൾ ശുപാർശ ചെയ്യാൻ പാടില്ലാത്തതാകുന്നു. കൂടാതെ, ടി ചട്ടങ്ങളിലെ അപ്പെൻഡിക്സ് II-ൽ പ്രതിപാദിക്കുന്ന കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചില സുരക്ഷാ വ്യവസ്ഥകളും പാലിക്കേണ്ടതുണ്ട് എന്നും ടി ചട്ടത്തിൽ നിന്നും വ്യക്തമാക്കുന്നുണ്ട്.<br>ടി ചട്ടങ്ങളിലെ ചട്ടം 3-ൽ പ്രതിപാദിക്കുന്ന വിധം ക്രമവൽക്കരണത്തിന് അപേക്ഷ സമർപ്പിക്കേണ്ടതും, ചട്ടം 4 പ്രകാരം മുനിസിപ്പാലിറ്റിയിൽ അപേക്ഷ ഫീസ് ഒടുക്കേണ്ടതും, ചട്ടം 5 പ്രകാരമുള്ള നടപടിക്രമങ്ങൾ അപേക്ഷയിന്മേൽ സ്വീകരിക്കേണ്ടതുമുണ്ട്. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ഒടുക്കേണ്ട കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കേണ്ട വിധം ടി ചട്ടങ്ങളിലെ അപ്പെൻഡിക്സ് I-ൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ഡി) | നഗരങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ | (ഡി) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തുന്ന നിർമ്മാണങ്ങൾ കണ്ടുപിടിച്ച് |

| | | | |
|---|---|---|---|
| | നടത്താതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | | റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നഗരസഭകളിലും അതാത് വാർഡിന്റെ / പ്രദേശത്തിന്റെ ചുമതലയുള്ള പബ്ലിക് ഓവർസീയർ/ ബിൽഡിംഗ് ഇൻസ്പെക്ടർമാർ ബാദ്ധ്യസ്ഥരാകുന്നു. അവധി ദിവസങ്ങളിൽ നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുവാൻ പ്രത്യേക സ്ക്വാർഡിനെ/ജീവനക്കാരനെ നിയോഗിച്ച് പരിശോധനകൾ നടത്തുവാൻ നഗരസഭാ തലങ്ങളിലും ഇതിനു പുറമെ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പിൽ ഒരു വിജിലൻസ് വിഭാഗം ചീഫ് ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ പ്രത്യേക വിംങ്ങ് രൂപീകരിച്ചും കർശന നടപടികൾ കൈക്കൊണ്ടുവരുന്നു. |

Rajeev

**സെക്ഷൻ ഓഫീസർ**